അദ്ധ്യായം - 8

# ഉപസംഹാരം

നൂറ്റാണ്ടുകളോളം ഒരു കുടുംബത്തിന് ഒരു സമൂഹത്തിൽ ഐശ്വര്യസമൃദ്ധിയോടെയും സമാധാനത്തോടെയും നിലനില്ക്കാനാകുക എന്നത് പരിപൂർണ്ണമായും ദൈവാനുഗ്രഹം കൊണ്ട് മാത്രമാണ്. ചരിത്രഗതിയിൽ പാലായനങ്ങളും പ്രതിസന്ധികളും ഒട്ടേറെയുണ്ടായിട്ടുണ്ടെങ്കിലും അവയൊക്കെ തരണം ചെയ്യാനും കുടുംബത്തിന്റെ യശസ്സ് ഉയർത്തും വിധം എക്കാലവും നിലനില്ക്കാനും ഈ കുടുംബത്തിന് കഴിഞ്ഞു. അതാത് സമൂഹത്തിൽ മറ്റ് പല മാനദണ്ഡങ്ങളാലും പല കുടുംബങ്ങളും പ്രശസ്തമാകുന്നുണ്ടെങ്കിലും പൈതൃകവും പാരമ്പര്യവും യശസ്സും നിലനിർത്തുന്നതിൽ ഈ കുടുംബം വ്യത്യസ്തമായിത്തീരുന്നു.

കുടുംബത്തിലെ അംഗങ്ങളിൽ ഭൂരിഭാഗവും ഇന്ന് വിവിധ തൊഴിൽ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. ആതുര ശുശ്രൂഷാരംഗത്തും, അദ്ധ്യാപനവൃത്തിയിലും, സർക്കാർ, പ്രൈവറ്റ് മേഖലയിലെ വിവിധ തസ്തികകളിലും, ബിസ്സിനസ്സ് രംഗങ്ങളിലും അവർ

സേവനം അനുഷ്ഠിക്കുന്നു. പ്രബലമായ ഒരു വിഭാഗം കുടുംബത്തിന്റെ പരമ്പരാഗത തൊഴിലായ കൃഷി ചെയ്തു ജീവിക്കുന്നു. തങ്ങളുടെ മുൻതലമുറയേപ്പോലെ തന്നെ കുടുംബാംഗങ്ങളിൽ പലരും വിവിധ സാമൂഹിക, ശാസ്ത്ര, സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കുടുംബത്തിന്റെ പാരമ്പര്യവും ആഭിജാത്യവും കാത്തുസൂക്ഷിക്കുന്നതിൽ എല്ലാവരും ഒറ്റക്കെട്ടാണെന്നുള്ളതിന് തെളിവാണ് എല്ലാവരും ഒത്തുചേർന്ന് നടത്തുന്ന നൂറ്റാണ്ടുമേൽ പഴക്കമുള്ള ദിവ്യശ്രീ അലക്സന്ത്രയോസ് മല്പാന്റെ ശ്രാദ്ധവും, മുളക്കുളത്തു കബറടങ്ങിയ ദിവ്യശ്രീ ഐപ്പ് അലക്സന്ത്രയോസ് കത്തനാരുടെ കബറങ്കിലേക്കുള്ള തീർത്ഥയാത്രയും.

ഇന്ന് വേങ്കടത്ത് കുടുംബാംഗങ്ങൾ കോട്ടയത്ത് മാത്രമായി ഒതുങ്ങുന്നില്ല. വിവിധ രാജ്യങ്ങളിൽ അതാത് സമൂഹങ്ങളുടെ മുൻനിരയിൽ തന്നെ പ്രവർത്തിക്കുന്നവരാണ് ഒട്ടേറെപ്പേർ. പ്രവാസലോകത്തെ മലയാളി സമൂഹങ്ങളുടെ നേതൃ നിരയിൽ ഒട്ടേറെ വേങ്കടത്തുകാരുണ്ട്.

2008-ലെ കണക്കെടുപ്പ് പ്രകാരം 92 കുടുംബങ്ങളാണ് ഇപ്പോഴുള്ളത് (വിവാഹിതരായ പുരുഷൻ ഒരു കുടുംബം എന്ന നിലയ്ക്ക്). ഇതിൽ 15 കുടുംബങ്ങൾ ഇന്ത്യക്ക് വെളിയിലും 8 കുടുംബങ്ങൾ കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലും താമസമാക്കിയിരിക്കുന്നു. കുടുംബത്തിന്റെ പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിച്ചുകൊണ്ട് ആധുനിക സമൂഹത്തിലും കാലാനുസൃതമായി, യശസ്സോടെ വേങ്കടത്ത് കുടുംബം എക്കാലവും നിലനില്ക്കുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം.

◆